**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1199** **07-02-2023 - ൽ മറുപടിയ്ക്ക്**

**പീച്ചി-വാഴനി കോറിഡോർ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കിഫ്ബി ഫണ്ടുപയോഗിച്ച് പീച്ചി-വാഴനി കോറിഡോർ നിർമ്മിക്കുന്നതു സംബന്ധിച്ച നടപടികളുടെ സ്ഥിതി അറിയിക്കാമോ; | (എ) | പീച്ചി വാഴാനി ടൂറിസം കോറിഡോർ റോഡ് എന്ന പ്രവൃത്തിക്ക് 20 കോടിയുടെ ഭരണാനുമതിയും തുടർന്ന് കിഫ്ബിയിൽ നിന്നും 62 കോടി രൂപയുടെ സാമ്പത്തികാനുമതിയും നൽകിയിട്ടുണ്ട്. ഈ റോഡിന്റെ ആകെ നീളം 18.65 കി.മീ. ആണ്. ഇതനുസരിച്ച് പ്രവൃത്തി ടെൻഡർ ചെയ്ത് 05/08/2019 ൽ കരാർ വച്ചു. ടി റോഡ് വനം വകുപ്പിന്റെ അധീനതയിലുള്ള ഭൂമിയിൽ കൂടി കടന്നുപോകുന്നതിനാൽ ചെയിനേജ് (0/000) മുതൽ (7/000) വരെ കയ്യേറ്റം ഒഴിപ്പിക്കൽ നടത്തി ആവശ്യമായ വീതി ലഭ്യമാക്കാൻ സാധിച്ചില്ല. റോഡിന്റെ ഇരുവശങ്ങളിലുമുള്ള യൂട്ടിലിറ്റികൾ മാറ്റി സ്ഥാപിക്കുന്നതിനുള്ള നടപടികൾക്കും ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും താമസം നേരിട്ടു. കരാറുകാരന്റെ അഭ്യർത്ഥന പ്രകാരവും വകുപ്പ് ഉദ്യോഗസ്ഥരുടെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ പ്രവൃത്തിയിൽ നിന്നും കരാറുകാരനെ ഒഴിവാക്കി. തുടർന്ന് വീതി ലഭ്യമായ 7/000 (പോങ്ങനങ്ങാട്) മുതൽ 18/650 (കരുമത്ര) വരെ ഒന്നാം ഘട്ടമായും, സ്ഥല ലഭ്യത ഉറപ്പാക്കാൻ സാധിക്കാത്ത 0/000മുടിക്കോട്) മുതൽ 7/000 (പോങ്ങനങ്ങാട്) വരെ ഭൂമി ഏറ്റെടുത്തശേഷം രണ്ടാം ഘട്ടമായും നടപ്പാക്കാൻ തീരുമാനിച്ചു. ഒന്നാം ഘട്ടമായ പോങ്ങനങ്ങാട് മുതൽ കരുമത്ര വരെയുള്ള പ്രവൃത്തിക്ക് സാങ്കേതികാനുമതി നൽകി 16/07/2022ൽ ടെൻഡർ ചെയ്ത് കരാറുകാരനെ നിശ്ചയിച്ചിട്ടുണ്ട്. കിഫ്ബി നടപടിക്രമങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് എഗ്രിമെന്റ് വയ്ക്കുന്നതാണ്. രണ്ടാം ഘട്ടമായ മുടിക്കോട് മുതൽ പോങ്ങനങ്ങാട് വരെയുള്ള പ്രവൃത്തി FDR ടെക്നോളജി പ്രകാരം ചെയ്യാൻ കിഫ്ബിയിൽ നിന്നും അനുമതി ലഭിച്ചിരുന്നു. ആയതിന് ആവശ്യമായ വീതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ നടന്ന് വരികയാണ്. ബഹു.എം.എൽ.എ യുടെ |

| | | | |
|---|---|---|---|
| | | | ആവശ്യപ്രകാരം ലഭ്യമായ വീതിയിൽ DBM & BC ചെയ്യാൻ അനുമതിക്കായി 22/09/2022 ൽ കിഫ്ബിയിൽ സമർപ്പിച്ചിരുന്നെങ്കിലും അന്തിമാനുമതി ലഭിച്ചിട്ടില്ല. അത് ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുവാൻ കഴിയും. |
| (ബി) | പ്രസ്തുത പ്രവൃത്തിക്ക് കിഫ്ബിയുടെ അനുമതി ലഭിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ? | (ബി) | ഈ പ്രവൃത്തിയുടെ ഒന്നും രണ്ടും ഘട്ടങ്ങൾ എത്രയും വേഗം ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ അടിയന്തര പ്രാധാന്യത്തോടെ നടത്തി വരികയാണ്. |

സെക്ഷൻ ഓഫീസർ